"ഭരണഭാഷ-
മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - താത്കാലിക തസ്തികയിൽ സേവനത്തിലുള്ള ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം -നിർദേശങ്ങൾ നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.പി.എ)വകുപ്പ്**

സ.ഉ.(സാധാ) നം.1821/2026/LSGD തീയതി,തിരുവനന്തപുരം, 27-09-2026

---

പരാമർശം:- 1. സ.ഉ(കൈ) നം.250/2022-LSGD തീയതി 10/11/2022.

2 സ.ഉ.(സാധാ) നം.986/2024/LSGD തീയതി 06.06.2024.

3 സ.ഉ.(സാധാ) നം.1603/2025/LSGD, തീയതി 26.06.2025.

4 സ.ഉ.(സാധാ) നം.1359/2026/LSGD, തീയതി 27.07.2026.

5 30.07.2026 ലെ EPA2/6/2026-LSGD നമ്പർ കത്ത്.

6 പ്രിൻസിപ്പൽ ഡയറക്ടറുടെ 13.09.2026 ലെ LSGD PD/36660/2024-DEF6 നം കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാഥമിക ഉത്തരവാദിത്തമായ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്കായി പര്യാപ്തമായ ജീവനക്കാരെ നിയോഗിക്കാതിരുന്നാൽ കാര്യമായ പുരോഗതി ഉണ്ടാവില്ല എന്നതിനാൽ ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്നു കണ്ടതിന്റെ അടിസ്ഥാനത്തിൽ, തനത് ഫണ്ട് പര്യാപ്തമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള 505 ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസെക്ടർ ഗ്രേഡ് II താൽക്കാലിക തസ്തിക അനുവദിച്ച്, പ്രസ്തുത തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന, നിർദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കും നടപടി ക്രമങ്ങൾക്കും വിധേയമായി, നിയമനം നൽകുന്നതിന്

അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഇപ്രകാരം നിയമിതരായവരുടെ സേവന കാലാവധി പരാമർശം (2), (3) പ്രകാരം ഓരോ വർഷവും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

2. പരാമർശം (4) പ്രകാരം, 505 ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്ന താത്ക്കാലിക ജീവനക്കാരുടെ കാലാവധി 2026 സെപ്റ്റംബർ 30 വരെ നീട്ടി നൽകുകയുണ്ടായി. തുടർന്ന് പരാമർശം (5) ലെ കത്ത് പ്രകാരം, 2026 ഒക്ടോബർ മാസം ഒന്നാം തീയതി നിയമനം ലഭിക്കത്തക്കവിധത്തിൽ 505 ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്ക്കാലികമായി നിയമിക്കുവാൻ ഉടനടി നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

3. 505 ഗ്രാമപഞ്ചായത്തുകളിൽ 2022 മുതൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാരുടെ കാര്യക്ഷമമായ പ്രവർത്തനം, പ്രവൃത്തിപരിചയം എന്നിവ വിലയിരുത്തി പ്രസ്തുത ജീവനക്കാരുടെ സേവനകാലാവധി സർക്കാർ തീരുമാനത്തിന് വിധേയമായി 1 വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകാവുന്നതാണെന്നും, നിലവിൽ സേവനത്തിൽ തുടർന്നുകൊണ്ടിരിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർമാരിൽ ഭൂരിഭാഗം പേർക്കും പി എസ് സി പരീക്ഷ എഴുതുന്നതിനോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലിയിൽ പ്രവേശിക്കുന്നതിനോ കഴിയാത്തവരാണ് എന്നുമുള്ള അപേക്ഷ പരിഗണിച്ചും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ജനറൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതല അപ്രൈസൽ കമ്മിറ്റിയുടെ അനുമതിയ്ക്ക് വിധേയമായി കരാർ കാലാവധി 1 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താൽക്കാലിക തസ്തികയിൽ സേവനത്തിലുള്ള ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചു ഉത്തരവാകുന്നു.

i. കരാർ കാലാവധി ഇനി നീട്ടി നൽകേണ്ടതില്ല.

ii. ഇവരുടെ സേവനം തുടർന്നും ആവശ്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും വേതനം നൽകി കൗൺസിലിൽ സമർപ്പിച്ച് തീരുമാനമെടുക്കേണ്ടതാണ്. ഇവരുടെ നിയമനം ദിവസ വേതനാടിസ്ഥാനത്തിൽ നിശ്ചയിക്കേണ്ടതാണ്. പ്രസ്തുത നിയമനങ്ങൾ കാരണം പി.എസ്.സി നിയമനത്തിന് തടസങ്ങൾ ഉണ്ടാകാൻ പാടില്ല.

iii. നിലവിലുള്ളവരെ പുതുക്കി നിയമിക്കുന്നത് ഒഴികെയുള്ള പുതിയ നിയമനം നടത്തുകയാണെങ്കിൽ ആയത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർഥിയെ കിട്ടാത്ത സാഹചര്യത്തിൽ മാത്രം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നടപടിക്രമങ്ങൾ പാലിച്ച് നേരിട്ട് റിക്രൂട്ട്മെന്റ് നടത്താവുന്നതാണ്.

iv. നിലവിലുള്ളവരുടെ സേവനം സംബന്ധിച്ച അപ്രൈസൽ ജില്ലാതല സമിതിയ്ക്ക് നൽകിയിരുന്നത് പിൻവലിക്കുന്നു. ആയത് ആവശ്യമുണ്ടെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെ നിശ്ചയിക്കേണ്ടതാണ്. പഞ്ചായത്തുകളിലെ സെക്രട്ടറിമാർ ഇക്കാര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

v. വേതനം തനത് ഫണ്ടിൽ നിന്നും നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ , ഓഡിറ്റ് ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Digitally signed by
Noushad. S
Date: 28-09-2026
11:38:01
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
സ്പെഷ്യൽ സെക്രട്ടറിയുടെ പി എ യ്ക്ക്.